പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.134 | 30.09.2011 - ൽ മറുപടിയ്ക്ക്

## നന്മ പദ്ധതിയും ആയിരം മിനിത്രിവേണിസ്റ്റോറുകളും

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. മാത്യു റ്റി. തോമസ്;<br>ശ്രീമതി ജമീലാ പ്രകാശം;<br>ശ്രീ. ജോസ് തെറ്റയിൽ;<br>,, സി.കെ. നാണു. | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വില്പനയ്ക്കായി കൺസ്യൂമർ ഫെഡ് വഴി നടപ്പിലാക്കിയ നന്മ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) 'നന്മ' പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 1213 വിപണന കേന്ദ്രങ്ങൾ നന്മ പദ്ധതിയുടെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. വിപണന കേന്ദ്രങ്ങളുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിക്കുന്നതാണ്. പൊതു വിപണി വിലയേക്കാൾ 20% വിലക്കുറവിലാണ് 10 ഇനം നിത്യോപയോഗ സാധനങ്ങൾ ഇത്തരം വിപണന കേന്ദ്രങ്ങളിലൂടെ വിൽപ്പന നടത്തുന്നത്. |
| (സി) | ആയിരം പഞ്ചായത്തുകളിലായി ആയിരം മിനി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാംനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഓരോ മിനി ത്രിവേണി സ്റ്റോർ വീതം എങ്കിലും തുടങ്ങുന്നതിന് ഉദ്ദേശമുണ്ട്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു മിനി ത്രിവേണി സ്റ്റോറിന് 600 മുതൽ 800 ച.അടി വിസ്തൃതിയുള്ള കെട്ടിടം ആവശ്യമാണ്. ആയതിലേക്ക് അനുയോജ്യമായ സ്ഥലം വാടക കൂടാതെ പഞ്ചായത്തുകൾ ലഭ്യമാക്കുകയാണെങ്കിൽ അത്തരം പഞ്ചായത്തുകൾക്ക് മുൻഗണന നൽകി, മിനി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ